2026
APRIL
14
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## ഫ്രീഡം ഓഫറുമായി ബിഎസ്എൻഎൽ;

# ഒരു രൂപയ്ക്ക് മൊബൈൽ കണക്ഷൻ

**തിരുവനന്തപുരം:** ഉപഭോക്താക്കൾക്കായി വീണ്ടും ഫ്രീഡം ഓഫറുമായി ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (BSNL).

ഒരു രൂപയ്ക്ക് പുതിയ പ്രീപെയ്ഡ് മൊബൈൽ കണക്ഷൻ നേടാമെന്നതാണ് ഈ പ്രമോഷണൽ ഓഫറിന്റെ സവിശേഷത.

30 ദിവസ കാലാവധിയിൽ ഏത് നെറ്റ്‌വർക്കിലേക്കും അൺലിമിറ്റഡ് കോളുകൾ, പ്രതിദിനം 2ജിബി ഹൈസ്പീഡ് ഡാറ്റ (പരിധി കഴിഞ്ഞാൽ 40 കെബിപിഎസ് വേഗതയിൽ അൺലിമിറ്റഡ്), ദിവസേന 100 ടങട എന്നിവയാണ് ഏപ്രിൽ 30 വരെ മാത്രമുള്ള ഈ ഓഫറിന്റെ പ്രധാന ആനുകൂല്യങ്ങൾ. സിം കാർഡ് സൗജന്യമാണ്. പുതിയ മൊബൈൽ കണക്ഷൻ എടുക്കുന്നവർക്കും മറ്റ് ഓപ്പറേറ്റർമാരിൽ നിന്ന് ബിഎസ്എൻലേക്ക് മാറുന്നവർക്കും ഈ ആനുകൂല്യം ലഭിക്കും.

സ്വദേശീയമായ 4ജി സാങ്കേതികവിദ്യ ജനങ്ങളിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം. ബിഎസ്എൻഎൽലേക്ക് മാറാൻ PORT<സ്പേസ്>മൊബൈൽ നമ്പർ എന്ന രീതിയിൽ 1900 എന്ന നമ്പറിലേക്ക് എസ്എംഎസ് അയയ്ക്കുക. വിശദവിവരങ്ങൾക്ക് അടുത്തുള്ള ബിഎസ്എൻഎൽ കസ്റ്റമർ സർവീസ് സെന്ററുകളെ സമീപിക്കുക.

# സഞ്ജയ് ഖന്ന ബിപിസിഎൽ സിഎംഡി



**കൊച്ചി :** ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ (ബിപിസിഎൽ) പുതിയ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറായി (സിഎംഡി) സഞ്ജയ് ഖന്നയെ നിയമിച്ചു.

പെട്രോളിയം പ്രകൃതിവാതക മന്ത്രാലയത്തിന് കീഴിലുള്ള സെർച്ച് കം സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, കേന്ദ്ര മന്ത്രിസഭയുടെ നിയമന സമിതി (എസിസി) നിയമനത്തിന് അംഗീകാരം നൽകി. ബിപിസിഎൽ റിഫൈനറീസ് വിഭാഗം ഡയറക്ടറായി പ്രവർത്തിച്ചു വരികയായിരുന്നു അദ്ദേഹം. റിഫൈനറി പ്രവർത്തനങ്ങളിലും പദ്ധതി നിർവഹണത്തിലുമുള്ള സഞ്ജയ് ഖന്നയുടെ ദീർഘകാല പരിചയസമ്പത്ത് ബിപിസിഎല്ലിന് കരുത്താകുമെന്ന് കമ്പനി വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. തിരുച്ചിറപ്പള്ളി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് കെമിക്കൽ എൻജിനീയറിങ്ങിൽ ബിരുദവും മുംബൈ സർവകലാശാലയിൽ നിന്ന് ഫിനാൻസ് മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദവും നേടിയ സഞ്ജയ് ഖന്ന, ബിപിസിഎല്ലിന്റെ റിഫൈനിങ് മികവ് മെച്ചപ്പെടുത്തുന്നതിലും പെട്രോകെമിക്കൽ ഉത്പാദനശേഷി വർധിപ്പിക്കുന്നതിലും നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

# കേരളത്തിലെ വേനൽച്ചൂട്: വ്യാജ പ്രചരണങ്ങൾ നടക്കുന്നതായി ദുരന്തനിവാരണ അതോറിറ്റി



**തിരുവനന്തപുരം:** ചൂടുമായി ബന്ധപ്പെട്ട് വ്യാജ പ്രചാരണങ്ങൾ നടക്കുന്നതായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി. ഏപ്രിൽ 29 മുതൽ മെയ് 12 വരെ താപനില 45 ഡിഗ്രി മുതൽ 55 ഡിഗ്രി വരെ ഉയരുമെന്നും തുറസായ സ്ഥലങ്ങളിൽ നിൽക്കരുതെന്നുംചൂട് മൂലം മൊബൈൽ ഫോണുകൾ പൊട്ടിത്തെറിക്കാം. കാറുകളിൽ ഇന്ധന ടാങ്കുകൾ മുഴുവനായി നിറയ്ക്കരുത് തുടങ്ങിയ നിർദേശങ്ങൾ അടങ്ങിയ വാട്സാപ്പ് സന്ദേശമാണ് പ്രചരിക്കുന്നത്. സിവിൽ ഡിഫൻസ് വകുപ്പ് എന്ന പേരിൽ ഔദ്യോഗിക മുന്നറിയിപ്പ് എന്നുള്ള തരത്തിലാണ് പ്രചാരണങ്ങൾ നടക്കുന്നത്. കേരളത്തിൽ സിവിൽ ഡിഫൻസ് എന്ന വകുപ്പ് ഇല്ല. കേരളത്തിലെ സിവിൽ ഡിഫൻസ് അഗ്നിരക്ഷാസേനയുടെ കീഴിൽ പ്രവർത്തിക്കുന്ന സന്നദ്ധ സേനയാണ്. കേരളത്തിൽ താപനില 54 ഡിഗ്രി ആകുമെന്ന് പ്രവചനം കേന്ദ്ര കാലാവസ്ഥ വകുപ്പും പുറത്തിറക്കിയിട്ടില്ല. ഇത്തരം വ്യാജ പ്രചാരണങ്ങളും ദുരന്ത നിവാരണ നിയമം 2005,സെക്ഷൻ 54 അനുസരിച്ച് ശിക്ഷാർഹമാണ്. ഔദ്യോഗിക അറിയിപ്പുകൾക്കും മുന്നറിയിപ്പുകൾക്കും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഔദ്യോഗിക പേജുകൾ, വെബ്സൈറ്റ് എന്നിവ സന്ദർശിക്കണമെന്നും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അധികൃതർ അറിയിച്ചു.



## ഇന്നത്തെ പരിപാടി

### കൊച്ചി

- **പനമ്പിള്ളി നഗർ-ചൈൽഡ് കെയർ സെന്റർ :** പഠന വൈകല്യ നിർണയ-നിവാരണ ക്യാമ്പ് 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 ന്

### വരാപ്പുഴ

- **കൊങ്ങോർപ്പിള്ളി കുറ്റികുളങ്ങര ബാലമുരളി കൃഷ്ണ പാർത്ഥസാരഥി ക്ഷേത്രം :** മഹോത്സവം രാവിലെ 6 മണി മുതൽ.

### ചോറ്റാനിക്കര

- **ചോറ്റാനിക്കര ദേവീക്ഷേത്രം :** വിഷു വിളക്കു മഹോത്സവം - രാവിലെ 8ന് ചോറ്റാനിക്കര കൾച്ചറൽ ക്ലബിന്റെ നൃത്തോൽസവം, തിരുവാതിരക്കളി, കോൽക്കളി.

### തിരുവൈരാണിക്കുളം

- **കൈലാസം വെൽനസ് പാർക്ക് :** തിരുവൈരാണിക്കുളം ഫെസ്റ്റ് വൈകിട്ട് 6.30 മുതൽ രാത്രി 10 വരെ.

# എൽ ജിക്ക് 10 ലക്ഷം എസികളുടെ റെക്കോർഡ് വിൽപ്പന

**കൊച്ചി:** 2026-27 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ എൽ ജി ഇലക്ട്രോണിക്സ് ഇന്ത്യ 10 ലക്ഷം എയർ കണ്ടീഷണറുകളുടെ റെക്കോർഡ് വിൽപ്പന കൈവരിച്ച് ഇന്ത്യൻ എസി വിപണിയിലെ മുന്നേറ്റം കൂടുതൽ ഉറപ്പിച്ചു.




കമ്പനിയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും ശക്തമായ വേനൽക്കാല തുടക്കമായാണ് ഈ നേട്ടം വിലയിരുത്തപ്പെടുന്നതെന്ന് മാനേജിംഗ് ഡയറക്ടർ ഹോംഗ് ജൂ ജോൺ പറഞ്ഞു. മികച്ച നിർവഹണ ശേഷി, കാര്യക്ഷമമായ വിതരണ ശൃംഖല, പുതിയ ബി.ഇ.ഇ സ്റ്റാർ റേറ്റഡ് മോഡലുകളുടെ നേരത്തെയുള്ള ലോഞ്ച്, ഐസിസി വേൾഡ് കപ്പ് കാലയളവിലെ മാർക്കറ്റിംഗ് ക്യാമ്പയിൻ എന്നിവ വിജയത്തിന് പ്രധാന കാരണങ്ങളായി. ഈ നേട്ടം ഉപഭോക്താക്കളുടെ വിശ്വാസത്തിന്റെയും കമ്പനിയുടെ പ്രതിബദ്ധതയുടെയും തെളിവാണെന്ന് മാനേജിംഗ് ഡയറക്ടർ ഹോംഗ് ജൂ ജോൺ പറഞ്ഞു. നവീകരണം, ലോക്കലൈസേഷൻ, വിതരണ ശൃംഖല എന്നിവയിൽ നിക്ഷേപം തുടരുന്നതിനൊപ്പം ശ്രീ സിറ്റിയിലെ നിർമ്മാണ സൗകര്യം വിപുലീകരിച്ചുകൊണ്ട് 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയോടുള്ള പ്രതിബദ്ധതയും എൽ ജി ശക്തിപ്പെടുത്തും. വിവിധ ഉപഭോക്തൃ ആവശ്യങ്ങൾ ലക്ഷ്യമിട്ട് അവതരിപ്പിച്ച എസൻഷ്യൽ സീരീസ് ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന എസി ശ്രേണികളും ഈ റെക്കോർഡ് പ്രകടനത്തിന് പിന്തുണയായിട്ടുള്ളതായും വിലയിരുത്തപ്പെടുന്നതായും അദ്ദേഹം അഭിപ്രായപ്പെട്ടു.

# യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ട് : ആസ്തി 20,400 കോടി രൂപ കടന്നു

**കൊച്ചി:** യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തി 20,400 കോടി രൂപ കടന്നു. ദീർഘകാല നിക്ഷേപത്തിലൂടെ മികച്ച നേട്ടം ആഗ്രഹിക്കുന്നവർക്കായി 1992ൽ ആരംഭിച്ചതാണ് യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ട്. ഈ വിഭാഗത്തിലെ തന്നെ വർഷങ്ങളായി മികച്ച പ്രകടനം കാഴ്ചവെക്കുന്നതുമായ പദ്ധതികളിലൊന്നാണിത്. 2026 മാർച്ച് 30ലെ കണക്കനുസരിച്ച് ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തി 20,400 കോടി രൂപ കടന്നു.

ആകെ ആസ്തിയുടെ കുറഞ്ഞത് 65 ശതമാനമെങ്കിലും ലാർജ് ക്യാപ്, മിഡ് ക്യാപ്, സ്മോൾ ക്യാപ് ഓഹരികളിൽ നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡ് ഇക്വിറ്റി ഫണ്ടുകളാണ് ഫ്ളെക്സി ക്യാപ് ഫണ്ടുകൾ. കമ്പനികളുടെ വലുപ്പവ്യത്യാസമില്ലാതെ മികച്ച അവസരങ്ങൾ പ്രയോജനപ്പെടുത്താൻ ഇതിലൂടെ സാധിക്കും. ഗുണമേന്മ, വളർച്ച, വാല്യൂവേഷൻ എന്നീ മൂന്ന് അടിസ്ഥാന തത്വങ്ങളിലൂന്നിയാണ് യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ടിന്റെ നിക്ഷേപ തന്ത്രം. മികച്ച ബിസിനസ്സ് പശ്ചാത്തലമുള്ളതും സാമ്പത്തിക മൂല്യം സൃഷ്ടിക്കാൻ ശേഷിയുള്ളതുമായ കമ്പനികളെയാണ് ഫണ്ട് തിരഞ്ഞെടുക്കുന്നത്. വളർച്ച രീതി പിന്തുടരുന്ന ഫണ്ട് വിവിധ വിപണി മൂലധനങ്ങളുള്ള കമ്പനികളിലുടനീളം നിക്ഷേപം നടത്തുന്നു.

ഫണ്ടിന്റെ ആകെ നിക്ഷേപത്തിന്റെ 45 ശതമാനത്തോളവും ഐസിഐസിഐ ബാങ്ക്, ബജാജ് ഫിനാൻസ്, എറ്റേണൽ ലിമിറ്റഡ്, എച്ച്ഡിഎഫ്സി ബാങ്ക്, ടൈറ്റൻ കമ്പനി, അവന്യൂ സൂപ്പർമാർട്സ്, കോട്ടക് മഹീന്ദ്ര ബാങ്ക്, ഇൻഫോഎഡ്ജ് (ഇന്ത്യ), പെർസിസ്റ്റന്റ് സിസ്റ്റംസ്, ഭാരതി എയർടെൽ എന്നീ പ്രമുഖ 10 കമ്പനികളിലായാണ്. പ്രധാനമായും ഇക്വിറ്റി പോർട്ട്ഫോളിയോ കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഫണ്ട് അനുയോജ്യമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ഗ്രാംപ്രോ ബിസിനസ് സർവീസസിന് ദേശീയ പുരസ്ക്കാരം

**തൃശ്ശൂർ:** ഇൻഫോപാർക്ക് തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ബിസിനസ് സൊല്യൂഷൻസ് ദാതാക്കളായ ഗ്രാംപ്രോ ബിസിനസ് സർവീസസിന് ഇ.റ്റി. 'ബൂട്ട്സ്ട്രാപ്പ്ഡ് സ്റ്റാർട്ടപ്പ് ഓഫ് ദി ഇയർ 2026' പുരസ്കാരം ലഭിച്ചു. മുംബൈയിൽ നടന്ന ഇ.റ്റി. ഓൺട്രപ്രണർ അവാർഡ്സിന്റെ മൂന്നാം പതിപ്പിലാണ് ഗ്രാംപോ പുരസ്ക്കാരം കരസ്ഥമാക്കിയത്. ഗ്രാംപോയുടെ വളർച്ചയിലെ പ്രധാന നാഴികക്കല്ലാണ് ഈ പുരസ്ക്കാരമെന്ന് സിഇഒ നിഖിൽ മാത്യു ജോസഫ് പറഞ്ഞു. രാജ്യത്തുടനീളമുള്ള ബിസിനസുകൾക്ക് വിപുലീകരണ സാധ്യതകൾ തയ്യാറാക്കുന്ന എഐഅധിഷ്ഠിത കമ്പനിയായി ഗ്രാംപ്രോ മാറിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഹർഷ് സി മരിവാല (ചെയർമാൻ, മാരിക്കോ ലിമിറ്റഡ്), ആനന്ദ് റാഠി (ചെയർമാൻ, ആനന്ദ് റാഠി ഗ്രൂപ്പ്), സഞ്ജീവ് ബിഖ്ചന്ദാനി (സ്ഥാപകൻ, ഇൻഫോ എഡ്ജ് ഇന്ത്യ ലിമിറ്റഡ്) തുടങ്ങിയ ഇന്ത്യൻ വ്യവസായ രംഗത്തെ പ്രമുഖർ അടങ്ങുന്ന ജൂറിയാണ് പുരസ്കാര നിർണയം നടത്തിയത്. നൂതനത്വം, വൈവിധ്യം, വളർച്ചാ സാധ്യതകൾ എന്നിവയുൾപ്പെടെ അഞ്ച് പ്രധാന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് വിജയികളെ നിശ്ചയിച്ചത്.




*ഗ്രാംപ്രോ ബിസിനസ് സർവീസസിന്റെ സിഇഒ നിഖിൽ മാത്യു ജോസഫ് 'ബൂട്ട്സ്ട്രാപ്പ്ഡ് സ്റ്റാർട്ടപ്പ് ഓഫ് ദി ഇയർ 2026' അവാർഡ് സ്വീകരിക്കുന്നു.*

# കിറ്റ്സിൽ എം.ബി.എ : അഭിമുഖം ഏപ്രിൽ 18 ന്

**തിരുവനന്തപുരം:** സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) 2026-28 ബാച്ചിലേക്കുള്ള അഭിമുഖം ഏപ്രിൽ 18 ന് രാവിലെ 10.30 ന് തൈക്കാട് കിറ്റ്സ് കാമ്പസ്സിൽ നടത്തുന്നു.

50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും കെമാറ്റ്/സിമാറ്റ്/ക്യാറ്റ് പ്രവേശന പരീക്ഷ സ്കോർ കാർഡ് ഉള്ളവർക്കും തയ്യാറെടുക്കുന്നവർക്കും അഭിമുഖത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.kittsedu.org, 9645176828, 9446529467.

# ഇസിനോഫിലിക് മെനിംജൈറ്റിസിന് അമൃത ആശുപത്രിയിൽ സൗജന്യ അഡ്വാൻസ്ഡ് പരിശോധന

**കൊച്ചി:** ഇസിനോഫിലിക് മെനിംജൈറ്റിസ് സംശയിക്കുന്ന രോഗികൾക്ക് സൗജന്യമായി അഡ്വാൻസ്ഡ് സി.എസ്.എഫ് പി.സി.ആർ പരിശോധന ആരംഭിച്ച് കൊച്ചി അമൃത ആശുപത്രി. ഗുരുതരമായ ഈ രോഗത്തിന് കാരണമാകുന്ന ആൻജിയോസ്ട്രോംഗിലസ് കാന്റോനെൻസിസ് എന്ന പരാസൈറ്റിനെ കൃത്യമായി കണ്ടെത്തുന്നതിനാണ് ഈ പരിശോധന.

കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ്സ് (KAN) ന്റെ പിന്തുണയോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കൊച്ചി അമൃത ആശുപത്രിയിലെ പീഡിയാട്രിക് ന്യൂറോളജി വിഭാഗം മേധാവി ഡോ. വിനയൻ. കെ.പി. അസോസിയേറ്റ് പ്രൊഫസർ ഡോ. വൈശാഖ് ആനന്ദ്, മൈക്രോബയോളജി വിഭാഗത്തിലെ ഡോ. വി. അനിൽ കുമാർ, മോളിക്യുലർ ബയോളജി ലാബിലെ ഡോ. സച്ചിൻ ഡേവിഡ്, അമൃത സെന്റർ ഫോർ നാനോസയൻസസ് ആൻഡ് മോളിക്യുലർ മെഡിസിനിലെ ഡോ. ലളിത ബിശ്വാസ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തുന്നത്. കൊച്ചി ഐ.എം.എ. ഹൗസിൽ നടന്ന ന്യൂറോ ഇൻഫെക്ഷൻസ് ശിൽപ്പശാലയിൽ വെച്ച് കൊച്ചി അമൃത ആശുപത്രി അഡീഷണൽ മെഡിക്കൽ സൂപ്ര ണ്ട് ഡോ. കെ.വി. ബീന പുതിയ സൗജന്യ പരിശോധനാ പദ്ധതി പ്രഖ്യാപനം നടത്തി.

രോഗം വേഗത്തിൽ തിരിച്ചറിയാൻ കഴിയുന്നതിലൂടെ സമയബന്ധിത ചികിത്സ ഉറപ്പാക്കാനും ഗുരുതര പ്രത്യാഘാതങ്ങൾ കുറയ്ക്കാനും ഈ പദ്ധതി സഹായകരമാകുമെന്ന് കൊച്ചി അമൃത ആശുപത്രിയിലെ പീഡിയാട്രിക് ന്യൂറോളജി വിഭാഗം മേധാവി ഡോ. വിനയൻ. കെ.പി. അറിയിച്ചു. രോഗനിർണയത്തിൽ ഉയർന്ന കൃത്യതയും വേഗതയും ഉറപ്പാക്കുന്ന ഈ സൗകര്യം സംസ്ഥാനത്ത് ആദ്യമായാണെന്നും പൊതുജനാരോഗ്യ രംഗത്ത് ഇത് നിർണായക ഇടപെടലാകുമെന്നും ഡോ. വിനയൻ കൂട്ടിച്ചേർത്തു

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഡെന്റൽ കോളജ് വിദ്യാർഥിയുടെ മരണം: പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു

**തിരുവനന്തപുരം:** കണ്ണൂർ അഞ്ചരക്കി ഡെന്റൽ കോളേജ് ഒന്നാം വർഷ ബി.ഡി.എസ്. വിദ്യാർത്ഥിയും തിരുവനന്തപുരം സ്വദേശിയുമായ ആർ. എൽ. നിധിൻരാജിന്റെ മരണത്തിന് പിന്നിൽ ജാതിവർണ അധിക്ഷേപമുണ്ടെന്ന ആരോപണം സംബന്ധിച്ച് വിവിധ ദിനപത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷൻ കണ്ണൂർ സിറ്റി പോലീസ് കമ്മീഷണറോട് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

കമ്മീഷൻ ചെയർപേഴ്സൺ ശേഖരൻ മിനിയോടൻ, കമ്മീഷൻ അംഗം ടി. കെ. വാസു എന്നിവർ മരണപ്പെട്ട വിദ്യാർത്ഥിയുടെ ഭവനം സന്ദർശിച്ചു. മാതാപിതാക്കളിൽ നിന്നും സംഭവത്തെ സംബന്ധിച്ച് വിശദവിവരങ്ങൾ ആരായുകയുണ്ടായി.

# കെ.ടി.ജി.എ ഭാരവാഹികളെ തിരഞ്ഞെടുത്തു



പ്രസിഡന്റ്
സമീർ മൂപ്പൻ


ജനറൽ സെക്രട്ടറി
ഇബ്രാഹിം മൂപ്പൻ


ട്രഷറർ
ഭരത് എം.എൻ

**കൊച്ചി:** കേരള ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ്സ് അസോസിയേഷൻ (കെ.ടി.ജി.എ ) എറണാകുളം ജില്ലാ യൂത്ത് വിംഗിന്റെ 2026-2029 കാലഘട്ടത്തിലേക്കുള്ള പുതിയ ഭാരവാഹികളെയും, എക്സിക്യൂട്ടീവ് അംഗങ്ങളെയും തിരഞ്ഞെടുത്തു.

എറണാകുളം ജില്ലാ യൂത്ത് വിംഗ് പ്രസിഡന്റ് ആയി സമീർ മൂപ്പനും (ജോൺ കിവീസ്), ജനറൽ സെക്രട്ടറിയായി ഇബ്രാഹിം മൂപ്പനെയും (ഹോളിവുഡ് ഫാഷൻ) ട്രഷറർ ആയി ഭരത് എം.എൻ നെയും (എം എൻ ഫാഷൻ) തിരഞ്ഞെടുത്തു.

# ബി.ഡി.എസ് വിദ്യാർത്ഥിയുടെ മരണം: യുവജന കമ്മീഷൻ മൊഴി എടുത്തു

**തിരുവനന്തപുരം:** അഞ്ചരക്കി മെഡിക്കൽ കോളേജിൽ ഒന്നാംവർഷ ബിഡിഎസ് വിദ്യാർഥി ആശുപത്രി കെട്ടിടത്തിൽ നിന്ന് ചാടി ജീവനൊടുക്കിയ സംഭവത്തിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ എം ഷാജറിന്റെ നേതൃത്വത്തിൽ കോളേജിൽ എത്തി സഹപാഠികളുടെയും അധ്യാപകരുടെയും മൊഴി എടുത്തു. യുവജന കമ്മീഷൻ അംഗം രൺദീപ് പി.പി, സംസ്ഥാന കോഡിനേറ്റർ അഡ്വ. രാഹുൽ രാജ്, ജില്ലാ കോഡിനേറ്റർ വൈഷ്ണവ് മഹേന്ദ്രൻ എന്നിവർ ഒപ്പം ഉണ്ടായിരുന്നു. വിഷയത്തിൽ യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്ത് ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

# പ്രതിസന്ധികൾ പ്രതീക്ഷിച്ച് ബിസിനസ് മുന്നോട്ടുകൊണ്ടുപോകണം




**കൊച്ചി:** ബിസിനസ് ലോകത്തിന് അടിസ്ഥാനപരമായ മാറ്റം സംഭവിക്കുമെന്ന് കരുതുന്നുണ്ടെങ്കിൽ അതിനെ നയിക്കാൻ ആവശ്യമായ നേതൃകഴിവുകളും അതേ രീതിയിൽ അടിസ്ഥാനപരമായി മാറേണ്ടതുണ്ടെന്ന് തോമസ് കുരുവിള. കേരള മാനേജ്മെന്റ് അസോസിയേഷൻ ഇൻസൈറ്റ് എക്സ് സീരിസ് ഇരുപതാം എഡിഷനിൽ ഡിജിറ്റലൈസേഷൻ കാലഘട്ടത്തിലെ നിർവഹണവും ഭരണവും എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മാറ്റങ്ങളുണ്ടാവുമ്പോഴും അതിന് അനുസരിച്ച് ആളുകളുടെ സ്വഭാവത്തിലും വ്യത്യസ്തതകൾ വരുന്നതോടെ എങ്ങനെ അതിന്റെ നിർവഹണവും ഭരണവും നടത്താനാവും എന്ന കാര്യത്തെ കുറിച്ചു കൂടി ചിന്തിക്കണമെന്നും തോമസ് കുരുവിള ആവശ്യപ്പെട്ടു. പലപ്പോഴും പ്രതിസന്ധി മുമ്പിലെത്തുമ്പോൾ ആളുകൾ ചിന്തിക്കുന്നത് അത് താത്ക്കാലികമാണെന്നും മാറുമെന്നുമാണ്. കോവിഡും പശ്ചിമേഷ്യൻ സംഘർഷവുമൊക്കെ ഉണ്ടായപ്പോൾ ഇത്തരത്തിലാണ് ചിന്തിച്ചത്. ഓരോ പ്രതിസന്ധി വരുമ്പോഴും അത് താത്ക്കാലികമായി കണ്ട് അത്തരത്തിലാണ് കൈകാര്യം ചെയ്യുന്നത്. കാര്യങ്ങൾ സാധാരണ നിലയിലേക്ക് മടങ്ങിയാൽ ബിസിനസ് തുടരാമെന്നാണ് ഭൂരിപക്ഷം പേരും ചിന്തിക്കാറുള്ളത്. എന്നാൽ അത്തരം ചിന്തകളോട് അടിസ്ഥാനപരമായി യോജിക്കാനാവില്ലെന്നും തോമസ് കുരുവിള പറഞ്ഞു. ക്രൈസിസ് എന്ന ചിന്താഗതിയും പ്രതിസന്ധിയും എല്ലായ്പ്പോഴും ഉണ്ടാകുമെന്നും അവ പല ദിശകളിൽ നിന്നും വരുമെന്നും പ്രതീക്ഷിക്കുകയാണ് ആദ്യം വേണ്ടത്. യുദ്ധങ്ങൾ മാത്രമല്ല നിർമിത ബുദ്ധിയും ഇ കൊമേഴ്സും മൊബൈൽ സാങ്കേതിക വിദ്യയും ഉൾപ്പെടെ പ്രതിസന്ധിയായിരുന്നുവെന്ന് മനസ്സിലാക്കാനാവണം. ഇത്തരത്തിലുള്ള എല്ലാ പ്രതിസന്ധികളും നിത്യജീവിതത്തിലെ സാധാരണ സ്വഭാവമാണെന്ന് മനസ്സിലാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ബിസിനസ് നടത്താൻ പദ്ധതിയിടുന്നവർ പ്രതിസന്ധി വന്നാൽ അത് കൈകാര്യം ചെയ്യാമെന്നാണ് കരുതുന്നതെങ്കിൽ പ്രതിസന്ധികളെ നേരിടാനുള്ള കഴിവുകൾ വികസിപ്പിക്കാൻ സാധിക്കില്ല. പകരം സാധാരണ ബിസിനസ് വികസിപ്പിക്കാനുള്ള കഴിവുകൾ മാത്രമാണ് നേടാനാവുക. ഭാവിയിൽ സാധാരണ ബിസിനസ് എന്നൊരു കാര്യം തന്നെ ഉണ്ടാകാനുള്ള സാധ്യതയില്ലാത്തതിനാൽ ഇത്തരം കഴിവ് ആർജ്ജിച്ചതുകൊണ്ട് പ്രത്യേകിച്ച് നേട്ടവുമുണ്ടാക്കാൻ സാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. പ്രതിസന്ധികൾ അവസാനിച്ചുവെന്ന് കരുതുന്നതിന് പകരം ഇനിയും നിരവധി പ്രതിസന്ധികളാണ് വരാനുള്ളതെന്ന് പ്രതീക്ഷിക്കുകയാണ് വേണ്ടത്. സൈബർ ആക്രമണങ്ങൾ, സാമ്പത്തിക അസ്ഥിരത, ആണവ ഭീഷണി, യൂറോപ്യൻ യൂണിയന്റെ തകർച്ച, പ്രകൃതി ദുരന്തങ്ങൾ, ലിഥിയം, നിക്കൽ, കോബാൾട്ട് പോലുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിലെ പ്രശ്നങ്ങൾ തുടങ്ങിയവയെല്ലാം വരാനിരിക്കുന്ന പ്രതിസന്ധികളായിരിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കെ എം എ വൈസ് പ്രസിഡന്റും പ്രോഗ്രാം ചെയർമാനുമായ ദിലീപ് നാരായണൻ , ഹോണററി സെക്രട്ടറി അനിൽ വർമ തുടങ്ങിയവർ സംസാരിച്ചു.

# 75ാമത് ലോട്ടസ് ബ്രിഡ്ജ് ടൂർണമെന്റ് 17 മുതൽ കൊച്ചിയിൽ

**കൊച്ചി:** രാജ്യത്ത് ഏറ്റവും കൂടുതൽ കാലമായി മുടക്കമില്ലാതെ നടന്നുവരുന്ന ലോട്ടസ് ബ്രിഡ്ജ് ടൂർണമെന്റിന്റെ 75-ാം പതിപ്പിന് ഏപ്രിൽ 17-ന് കൊച്ചിയിൽ തുടക്കമാകുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. പശ്ചിമ ബംഗാൾ, തെലങ്കാന, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖ ടീമുകൾ ഉൾപ്പെടെ ഇരുപത്തഞ്ചോളം ടീമുകൾ ഇത്തവണ ടൂർണമെന്റിൽ മാറ്റുരയ്ക്കും.

എറണാകുളം ബ്രിഡ്ജ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ലോട്ടസ് ക്ലബ്ബും മുത്തൂറ്റ് ഫിനാൻസും സംയുക്തമായാണ് ടൂർണമെന്റ് സംഘടിപ്പിക്കുന്നത്. ഏപ്രിൽ 17 മുതൽ 19 വരെ കൊച്ചി വാരിയം റോഡിലുള്ള ലോട്ടസ് ക്ലബ്ബിലാണ് മത്സരങ്ങൾ നടക്കുക.

ഫെഡറൽ ബാങ്ക്, എസ്.വി.പി.എൽ പുള്ളിക്കാനം പ്രീമിയർ, എസ്.വി.പി.എൽ പുള്ളിക്കാനം ഗോൾഡ് മൗണ്ടൻ എന്നിവരാണ് ടൂർണമെന്റിന്റെ സ്പോൺസർമാർ. പ്രശസ്ത ബ്രിഡ്ജ് കളിക്കാരായിരുന്ന ചക്കിയത്ത് ശങ്കരമേനോൻ, വി.ബി.എം. ബാവ എന്നിവരുടെ കുടുംബങ്ങളാണ് വിജയികൾക്കുള്ള ട്രോഫികൾ നൽകുന്നത്.

ടീം ഓഫ് ഫോർ ഡ്യൂപ്ലിക്കേറ്റ്, പ്രോഗ്രസ്സീവ് ഡ്യൂപ്ലിക്കേറ്റ്, പെയേഴ്സ് ഐഎംപി, എംപി തുടങ്ങി വിവിധ വിഭാഗങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്. രണ്ടര ലക്ഷം രൂപയാണ് ടൂർണമെന്റിന്റെ ആകെ സമ്മാനത്തുക. എല്ലാ വിഭാഗങ്ങളിലെയും വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ ലഭിക്കും. മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള പ്രവേശന ഫീസ് ടീം ഓഫ് ഫോർ ഡ്യൂപ്ലിക്കേറ്റ് വിഭാഗത്തിന് 3000 രൂപയും ബോർഡ് എ മാച്ചിന് 2000 രൂപയും ഐഎംപി, എംപി പെയേഴ്സ് വിഭാഗങ്ങളിൽ ഒരു ജോഡിക്ക് 800 രൂപ വീതവുമാണ്. സി.എം. ആന്റണി, പ്രൊഫ. മധുകർ റാവു, സാമി ഹല്ലെഗുവ, ഗമ്മി സേലം, അഫ്ഷർ മജീദ് തുടങ്ങിയ പ്രമുഖ താരങ്ങൾ ലോട്ടസ് ക്ലബ്ബിന് ദേശീയ-അന്തർദേശീയ തലങ്ങളിൽ നിരവധി അഭിമാനകരമായ നേട്ടങ്ങൾ സമ്മാനിച്ചവരാണെന്ന് ഭാരവാഹികൾ പറഞ്ഞു. ലോട്ടസ് ക്ലബ്ബിന്റെയും ഇഡിബിഎയുടെയും പ്രസിഡന്റായ ജോസഫ് കുര്യൻ പുപ്പള്ളി, സംഘാടക സമിതി ചെയർമാൻ അഫ്ഷർ മജീദ്, അംഗങ്ങളായ പ്രൊഫ. റോബിൻസ് ജേക്കബ്, വിജയൻ കരുമത്തിൽ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# ട്രെൻസറിന്റെ പുതിയ ഡെലിവറി സെന്റർ ടെക്നോപാർക്കിൽ

**തിരുവനന്തപുരം:** കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡിജിറ്റൽ പ്രോഡക്റ്റ് എഞ്ചിനീയറിംഗ് സേവന സ്ഥാപനമായ ട്രെൻസർ ടെക്നോളജി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ടെക്നോപാർക്കിൽ പ്രവർത്തനം വിപുലീകരിച്ച് പുതിയ ഡെലിവറി സെന്റർ ആരംഭിച്ചു. ടെക്നോപാർക്ക് ഫേസ്3 ലെ എംബസി ടോറസ് ടെക്ക് സോണിൽ സ്പെഷൽ എക്കണോമി സോണിലുള്ള നയാഗ്ര ബിൽഡിംഗിലാണ് പുതിയ കേന്ദ്രം.2017 മുതൽ ടെക്നോപാർക്കിൽ സാന്നിധ്യമുള്ള ട്രെൻസർ, എണ്ണൂറോളം ജീവനക്കാരുമായി ഈ പുതിയ കേന്ദ്രത്തിനുപുറമേ, നിള, ഗായത്രി, തേജസ്വിനി കെട്ടിടങ്ങളിലായി ഇതിനകം പ്രവർത്തിച്ചു വരുന്നു. 300 സീറ്റുകളുള്ള പുതിയ ഡെലിവറി സെന്റർ ജപ്പാൻ വിപണിയിലെ വളർച്ചാ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ടോക്യോയിലെ ട്രെൻസറിന്റെ ഡിജിറ്റൽ ഡെലിവറി സെന്ററുമായി കൂടുതൽ സമന്വയത്തോടെ പ്രവർത്തനം ഉറപ്പാക്കുന്നതിനും ഏകോപനം ശക്തിപ്പെടുത്തുന്നതിനും ഉപഭോക്തൃ സേവനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുമായി ആധുനിക ആശയവിനിമയ സംവിധാനങ്ങൾ ഇവിടെ സജ്ജീകരിച്ചിട്ടുണ്ടെന്ന് കമ്പനി അറിയിച്ചു. ഫോർച്യൂൺ 500 പട്ടികയിലുള്ളവ ഉൾപ്പെടെ നിരവധി ആഗോള കമ്പനികൾക്ക് ക്ലൗഡ്, മൊബൈൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, എംബെഡ്ഡഡ് സിസ്റ്റങ്ങൾ തുടങ്ങിയ മേഖലകളിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് സേവനങ്ങൾ ട്രെൻസർ നൽകുന്നു. അമേരിക്ക, യൂറോപ്പ്, ജപ്പാൻ എന്നിവിടങ്ങളിൽ കമ്പനിക്ക് സാന്നിധ്യമുണ്ട്. ഹെൽത്ത്കെയർ, ഇൻഡസ്ട്രിയൽ, കൺസ്യൂമർ ആന്റ് മീഡിയ, റീട്ടെയിൽ മേഖലകളിലാണ് ട്രെൻസറിന്റെ പ്രധാന പ്രവർത്തനം. പുതിയ കേന്ദ്രത്തിന്റെ ഉദ്ഘാടനം കമ്പനിയുടെ വളർച്ചയുടെയും വിപണി വിപുലീകരണത്തിന്റെയും ഭാഗമാണെന്ന് ട്രെൻസർ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ പ്രദീപ് കുമാർ പറഞ്ഞു. ജപ്പാനിൽ നിന്നുള്ള പ്രതിനിധികൾ, ടെക്നോപാർക്ക് അധികൃതർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# ഏഥർ എനർജി ഇന്ത്യയിൽ 700 എക്സ്പീരിയൻസ് സെന്ററുകൾ കടന്നു




**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഇലക്ട്രിക് ഇരുചക്ര വാഹന നിർമ്മാതാക്കളിലൊരാളായ ഏഥർ എനർജി ലിമിറ്റഡ് 2026 സാമ്പത്തിക വർഷത്തിൽ രാജ്യത്താകെ 700 എക്സ്പീരിയൻസ് സെന്ററുകൾ എന്ന നേട്ടം സ്വന്തമാക്കി. കഴിഞ്ഞ ഒരു വർഷത്തിനിടെ 350-ത്തിലധികം പുതിയ സെന്ററുകൾ ആരംഭിച്ചതോടെ കമ്പനിയുടെ റീട്ടെയിൽ ശൃംഖല ഇരട്ടിയായി. മിഡിൽ ഇന്ത്യയും മറ്റു മേഖലകളും കേന്ദ്രീകരിച്ച വിപുലീകരണമാണ് വളർച്ചയ്ക്ക് പിന്നിൽ. 2026 മാർച്ചിൽ കമ്പനിയുടെ വിപണി വിഹിതം 18.7 ശതമാനമായി ഉയർന്നു. റിസ്ത ഫാമിലി സ്കൂട്ടറും 450 സീരീസും മികച്ച ആവശ്യകത നേടി. 500 സർവീസ് സെന്ററുകളും 4,357 ചാർജിംഗ് പോയിന്റുകളും ഉൾപ്പെടുത്തി ഏഥർ ഉപഭോക്തൃ സൗകര്യങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്.

# ഗ്രാമീണ കായികരംഗത്തിന് സിഗ്നിഫൈയുടെ പിന്തുണ

**കൊച്ചി :** സിഗ്നിഫൈയുടെ സി എസ് ആർ പദ്ധതിയായ 'സിഗ്നിഫൈ ഖേൽ ജ്യോതി' മുഖേന ഹരിയാനയിലെ ഗ്രാമീണ കായികരംഗം ശക്തിപ്പെടുന്നു. കബഡി, ഖോ-ഖോ പരിശീലന കേന്ദ്രങ്ങളായ നാല് കേന്ദ്രങ്ങളിൽ എനർജി കാര്യക്ഷമമായ എൽഇഡി ലൈറ്റുകൾ സ്ഥാപിച്ച് സുരക്ഷിതമായും കൂടുതൽ സമയം പരിശീലിക്കാൻ സൗകര്യം ഒരുക്കി. യുവാക്കളുടെയും സ്ത്രീകളുടെയും പങ്കാളിത്തം വർധിപ്പിക്കുന്നതിനും പദ്ധതി സഹായകരമാണ്. ജെഎസ്ഡബ്ല്യു സ്പോർട്സിന്റെ പിന്തുണയോടെ നടപ്പാക്കിയ ഈ പദ്ധതി സമൂഹ ഇടപെടലും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നു. രാജ്യത്തുടനീളം 200-ത്തിലധികം കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കി, കായിക പ്രതിഭകളുടെ വളർച്ചയ്ക്കും ഇന്ത്യൻ കായികരംഗത്തിന്റെ ശക്തീകരണത്തിനും സിഗ്നിഫൈ തുടർച്ചയായി സംഭാവന ചെയ്യുന്നു.

# ഇന്ത്യയിൽ വളർച്ചയിലേക്ക് കുതിച്ച് പെറ്റ് കെയർ വിപണി

**കൊച്ചി :** ഇന്ത്യയിലെ പെറ്റ് കെയർ വ്യവസായം വേഗത്തിൽ വളരുകയാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഉയർന്ന വരുമാനവും നഗരജീവിത ശൈലിയും മാറിയ ഉപഭോക്തൃ സമീപനവുമാണ് ഇതിന് കാരണമായത്. റിപ്പോർട്ടുകൾ പ്രകാരം ഈ മേഖലയ്ക്ക് ഏകദേശം 20% വളർച്ചയുണ്ടാകുമ്പോൾ, ഫ്ലിപ്പ്കാർട്ട് പെറ്റ് കെയർ വിഭാഗത്തിൽ 50%ത്തിലധികം വാർഷിക വളർച്ച രേഖപ്പെടുത്തി. ഏലി ദ ഉം മില്ലേനിയൽസും ചേർന്ന് 80%ത്തിലധികം ആവശ്യകത സൃഷ്ടിക്കുന്നു. പോഷകാഹാരം, ഗ്രൂമിംഗ്, വെൽനെസ് ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. വലിയ നഗരങ്ങൾക്കൊപ്പം ചെറുനഗരങ്ങളിലും ആവശ്യകത ഉയരുന്നു. പെറ്റുകളെ കുടുംബാംഗങ്ങളായി കാണുന്ന പ്രവണതയും വിപണിയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്നതായും ചൂണ്ടിക്കാണിക്കപ്പെടുന്നു.

# ചലച്ചിത്ര താരം അനൂപ് മേനോൻ മൂപ്പൻസ് സോളാറിന്റെ ബ്രാൻഡ് അംബാസിഡർ

**കൊച്ചി:** കേരളത്തിലെ സൗരോർജ്ജ രംഗത്ത് 14 വർഷത്തെ സമാനതകളില്ലാത്ത പരിചയസമ്പത്തുമായി കുതിക്കുന്ന മൂപ്പൻസ് സോളാറിന്റെ ബ്രാൻഡ് അംബാസിഡറായി ചലച്ചിത്ര താരം അനൂപ് മേനോനെ പ്രഖ്യാപിച്ചു. മൂപ്പൻസ് ഫാമിലിയുടെ ഭാഗമാകുവാൻ സാധിച്ചതിൽ വളരെയധികം അഭിമാനവും സന്തോഷവും ഉണ്ടെന്നു അനൂപ് മേനോൻ പറഞ്ഞു. മൂപ്പൻസ് സോളാർ വളർച്ചയുടെ പുതിയ ഘട്ടത്തിലേക്ക് കടക്കുന്നതിന്റെ ഭാഗമായി നിർമ്മിച്ച അത്യാധുനിക ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനം ഉടൻ നടത്തുമെന്നും കൊച്ചിയിൽ നടന്ന ചടങ്ങിൽ മൂപ്പൻ സോളാർ എം.ഡി മുഹമ്മദ് സാക്കിർ പറഞ്ഞു.

കേരളത്തിലുടനീളം പുതിയ ഡീലേഴ്സിനേയും ഫ്രാഞ്ചൈസികളേയും ക്ഷണിക്കുന്നതിന്റെ ഉദ്ഘാടനവും ശങ്കർ രാമകൃഷ്ണൻ സംവിധാനം ചെയ്ത് അനൂപ് മേനോൻ, ബാലതാരം ദേവനന്ദ എന്നിവർ അഭിനയിക്കുന്ന പുതിയ പരസ്യചിത്രത്തിന്റെ ലോഞ്ചും ചടങ്ങിൽ നടന്നു.

വെറുമൊരു ഇൻസ്റ്റാലേഷൻ എന്നതിലുപരി, ഉപഭോക്താക്കൾക്ക് ദീർഘകാല ലാഭവും പരിസ്ഥിതി സൗഹൃദമായ ഒരു ഭാവിയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് മൂപ്പൻസ് സോളാർ മുന്നോട്ട് പോകുന്നതെന്ന് ഓപ്പറേഷൻസ് ഡയറക്ടർ & സി.ഇ.ഒ മുഹമ്മദ് ഫയാസ് പറഞ്ഞു. 2012ൽ പ്രവർത്തനം ആരംഭിച്ച മൂപ്പൻസ് സോളാർ ഇന്ന് 60 മെഗാവാട്ടിന് മുകളിൽ പ്രോജക്റ്റുകൾ വിജയകരമായി പൂർത്തിയാക്കിയും, 12,000ത്തിലധികം സന്തുഷ്ടരായ ഗൃഹ ഉപഭോക്താക്കളെ നേടിയും മേഖലയിൽ കരുത്താർജിച്ചു കഴിഞ്ഞു. കേരളത്തിലുടനീളവും, ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലും അന്താരാഷ്ട്ര തലത്തിൽ മാൽദ്വീപ്സിലും പ്രോജക്റ്റുകൾ ചെയ്യുന്ന മൂപ്പൻസ് സോളാറിൽ ഇന്ന് 150ഓളം ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.




*സോളാർ എനർജി രംഗത്തെ മുൻനിരക്കാരായ മൂപ്പൻ സോളാറിന്റെ പുതിയ ബ്രാൻഡ് അംബാസിഡറായി ചലച്ചിത്രതാരം അനൂപ് മേനോനെ അവതരിപ്പിക്കുന്നു. കൊച്ചിയിൽ നടന്ന ചടങ്ങിൽ സി.ഇ.ഒ മുഹമ്മദ് ഫയാസ്, ബാലതാരം ദേവനന്ദ എന്നിവർ പങ്കെടുത്തപ്പോൾ.*

മികച്ച പ്രകടനം ഉറപ്പാക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള ഇൻവെർട്ടറുകളുമാണ് കമ്പനി ഉപയോഗിക്കുന്നത്. വീടിന്റെ മേൽക്കൂരയ്ക്ക് യാതൊരു കേടുപാടും വരാത്ത 'നോഡ്രില്ലിംഗ്' ഇൻസ്റ്റാലേഷൻ സാങ്കേതിക വിദ്യയും, ഹാവെൽസ്, ലാപ്പ് ജർമ്മനി തുടങ്ങിയ കമ്പനികളുടെ സുരക്ഷാ കേബിളുകളും സിസ്റ്റത്തിന്റെ ദീർഘകാല വിശ്വാസ്യത ഉറപ്പാക്കുന്നു.

കേന്ദ്ര സർക്കാർ സബ്സിഡിയുടെ ആനുകൂല്യത്തോടെ വളരെ കുറഞ്ഞ ചിലവിൽ ഇപ്പോൾ സോളാർ സംവിധാനം സ്വന്തമാക്കാം എന്നതും പ്രത്യേകതയാണ്. കൂടാതെ, കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമായ ആകർഷകമായ ബാങ്ക് വായ്പാ പദ്ധതികൾ വഴി, നിലവിലെ വൈദ്യുതി ബില്ലിനോട് സമാനമായ ചെറിയൊരു പ്രതിമാസ അടവിൽ തന്നെ സോളാർ സിസ്റ്റം നിങ്ങളുടെ വീട്ടിൽ സ്ഥാപിക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി.

ചലച്ചിത്ര താരങ്ങളായ അനൂപ് മേനോൻ, ലെന, ദേവനന്ദ, ശങ്കർ രാമകൃഷ്ണൻ, വിശിഷ്ടാതിഥികളായിരുന്ന സൗരാ പ്രോജക്റ്റിന്റെ മുൻ സ്റ്റേറ്റ് നോഡൽ ഓഫീസറും റിട്ടയേർഡ് ചീഫ് ഡെപ്യൂട്ടി എൻജിനീയറുമായിരുന്ന മധുലാൽ ജെ, പിഎം സൂര്യ ഘറിന്റെ ആദ്യ സംസ്ഥാന നോഡൽ ഓഫീസർ ആയിരുന്ന നൗഷാദ് ഷറഫുദീൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# വിഷുവിനെ വരവേൽക്കാൻ വിഷുസദ്യയും വിഷുക്കണിക്കിറ്റുമായി ലുലു; ലുലുവിൽ വിഷു ഓഫർ സെയിൽ ആരംഭിച്ചു

**കൊച്ചി:** ഈ വർഷത്തെ വിഷുവിനെ വരവേൽക്കാൻ മികച്ച ഓഫറുകളുമായി ലുലുവിൽ വിഷു ഓഫർ സെയിൽ ആരംഭിച്ചു. ലുലു ഹൈപ്പർമാർക്കറ്റിൽ നിന്ന് നിത്യോപയോഗ സാധനങ്ങളും പലവഞ്ജന സാധനങ്ങളും ഓഫറിൽ വാങ്ങാം. വിഷുവിന് പായസം തയ്യാറാക്കുന്നതിന് ആവശ്യമായ വിവിധതരം ബ്രാൻഡുകളുടെ റെഡിമിക്സ് പായസപാക്കറ്റുകളും ഓഫറുകളോടെ ലഭ്യമാണ്. ലുലു ഒരുക്കുന്ന 799 രൂപയുടെ വിഷുക്കണി കിറ്റ് ലുലു ഹൈപ്പർമാർക്കറ്റിൽ ലഭ്യമാണ്. വിഷുക്കണിക്ക് ആവശ്യമായ കണിവെള്ളരി, തേങ്ങ, മുന്തിരി, തുടങ്ങി സമൃദ്ധമായ പഴംപച്ചക്കറി വിഭവങ്ങളും കസവ് മുണ്ടും കണ്ണാടിയും അടങ്ങുന്നതാണ് വിഷുക്കണി കിറ്റ്. ഏപ്രിൽ 13 മുതൽ വിഷുക്കണി കിറ്റ് ലുലു സ്റ്റോറുകളിൽ ലഭ്യമാണ്. 549 രൂപയ്ക്ക് പാലട പ്രഥമനും, പരിപ്പ് പ്രഥമനും കറിക്കൂട്ടുകളും അടക്കം 25 ലധികം വിഭവങ്ങളുമായി വിഷു സ്പെഷ്യൽ സദ്യയും ലുലുവിൽ ഒരുക്കിയിട്ടുണ്ട്. 7306112600, 7306112599 എന്ന വാട്സ് ആപ്പ് നമ്പറുകൾ വഴി സദ്യ മുൻകൂട്ടി ഓർഡർ ചെയ്യാം. വിഷു സദ്യ മുൻകൂട്ടി ഓർഡർ ചെയ്യുന്നവർക്ക് വിഷുദിനത്തിൽ രാവിലെ 11 മുതൽ ഉച്ചയ്ക്ക് 2 മണി വരെ ലുലു ഹൈപ്പർമാർക്കറ്റിൽ നിന്ന് നേരിട്ട് സദ്യവാങ്ങാം. ലുലു ഫാഷൻ സ്റ്റോറിൽ വിഷു സ്പെഷ്യൽ മെൻസ്, ലേഡിസ്, കുട്ടികളുടെ വസ്ത്രങ്ങളും ഓഫറിൽ ലഭിക്കും. ഇലക്ട്രോണിക് ഉപകരണങ്ങളും ഗൃഹോപകരണങ്ങളും വിഷു ഓഫർ വിൽപ്പനയിലൂടെ മികച്ച ഓഫറോടെ ലുലു കണക്ട് സ്റ്റോറിൽ നിന്ന് വാങ്ങാൻ സാധിക്കും.

# റിലയൻസ് ജിയോയുമായി കൈകോർത്ത് ബാങ്ക് ഓഫ് ബറോഡ




**കൊച്ചി/മുംബൈ:** രാജ്യത്തെ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ താഴെത്തട്ടിലുള്ളവരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ പൊതുമേഖലാ ബാങ്കായ ബാങ്ക് ഓഫ് ബറോഡയും ടെലികോം കമ്പനിയായ റിലയൻസ് ജിയോയും പങ്കാളിത്തത്തിൽ ഏർപ്പെട്ടു. ഫീച്ചർഫോണുകൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ആദ്യ സമഗ്ര ഡിജിറ്റൽ ബാങ്കിംഗ് സേവനമായ 'ബിഒബി വേൾഡ് ലൈറ്റ്' എന്ന മൊബൈൽ ബാങ്കിംഗ് ആപ്പ് ജിയോഫോൺ പ്രൈമ 4ജി ഡിവൈസുകളിൽ ഇനി ലഭ്യമാകും. സ്മാർട്ട്ഫോണുകളിൽ മാത്രം പ്രവർത്തിക്കുന്ന പരമ്പരാഗത മൊബൈൽ ബാങ്കിംഗ് ആപ്പുകളിൽ നിന്ന് വ്യത്യസ്തമായി, താങ്ങാനാവുന്ന വിലയിൽ ഫീച്ചർ ഫോണുകളിൽ ദൈനംദിന ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിനായാണ് ബിഒബി വേൾഡ് ലൈറ്റ് ആപ്പ് നിർമ്മിച്ചിരിക്കുന്നത്. ഇതിലൂടെ ഗ്രാമപ്രദേശങ്ങളിലും ഡിജിറ്റൽ സേവനങ്ങൾ അപ്രാപ്യമായവർക്കും ലളിതമായ ബാങ്കിംഗ് സൗകര്യങ്ങൾ ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ബാങ്ക് ഓഫ് ബറോഡ ഉപഭോക്താക്കൾക്കും മറ്റ് ബാങ്കുകളുടെ ഉപഭോക്താക്കൾക്കും വളരെ എളുപ്പത്തിലുള്ള ഒരു ഓൺബോർഡിങ് രീതിയിലൂടെ ഈ ആപ്പ് ലഭ്യമാകും. സാധാരണ സ്മാർട്ട്ഫോൺ ആപ്പുകളിൽ നിന്ന് വ്യത്യസ്തമായി, കുറഞ്ഞ ഡാറ്റ ഉപയോഗത്തിലും കീപാഡ് ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന രീതിയിലുമാണ് ബിഒബി വേൾഡ് ലൈറ്റ് തയ്യാറാക്കിയിരിക്കുന്നത്. ലളിതമായ ഓൺബോർഡിംഗാണ് മറ്റൊരു സവിശേഷത. ബാങ്ക് ഓഫ് ബറോഡ ഉപഭോക്താക്കൾക്കും മറ്റ് ബാങ്കുകളിൽ അക്കൗണ്ടുള്ളവർക്കും ലളിതമായ നടപടികളിലൂടെ ഈ ആപ്പിൽ രജിസ്റ്റർ ചെയ്യാം. പുതിയ ജിയോഫോൺ പ്രൈമ 4ജി ഹാൻഡ്സെറ്റുകളിൽ ഈ ആപ്പ് മുൻകൂട്ടി ഇൻസ്റ്റാൾ ചെയ്തിരിക്കും. നിലവിലുള്ള ഉപഭോക്താക്കൾക്ക് 'ജിയോ സ്റ്റോറിൽ' നിന്ന് ഇത് ഡൗൺലോഡ് ചെയ്യാം. ആരംഭഘട്ടത്തിൽ തന്നെ നിരവധി സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാകും.

സങ്കീർണതകളൊന്നുമില്ലാതെ തന്നെ ക്യൂആർ കോഡ് സ്കാൻ ചെയ്ത് പണമടയ്ക്കാനുള്ള സൗകര്യമാണ് ഇതിൽ പ്രധാനം. സുരക്ഷിതമായി പണം കൈമാറാമെന്നതും പ്രത്യേകതയാണ്. മൊബൈൽ റീചാർജ്, ബില്ലുകൾ അടയ്ക്കൽ എന്നിവയും സാധ്യമാണ്. ഭാവിയിൽ കൂടുതൽ സൗകര്യങ്ങൾ ആപ്പിൽ കൂട്ടിച്ചേർക്കുമെന്ന് ബാങ്ക് ഓഫ് ബറോഡ എംഡിയും സിഇഒയുമായ ഡോ. ദേബദത്ത ചന്ദ് പറഞ്ഞു. എല്ലാ ഇന്ത്യക്കാർക്കും മിതമായ നിരക്കിൽ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ജിയോയുടെ ലക്ഷ്യമെന്നും ബാങ്ക് ഓഫ് ബറോഡയുമായുള്ള ഈ പങ്കാളിത്തം ദശലക്ഷക്കണക്കിന് സാധാരണക്കാർക്ക് ബാങ്കിംഗ് സേവനങ്ങൾ വിരൽത്തുമ്പിൽ എത്തിക്കാൻ സഹായിക്കുമെന്നും റിലയൻസ് ജിയോ ഇൻഫോകോം പ്രസിഡന്റ് ഡോ. സുനിൽ ദത്ത് പറഞ്ഞു.

## പ്രീമിയം ബ്യൂട്ടി രംഗത്തേക്ക് ഹിമാലയ; ആയുർവേദ സീക്രെട്സ് വിപണിയിൽ



**കൊച്ചി:** ഹിമാലയ വെൽനെസ്സ്, പ്രീമിയം ബ്യൂട്ടി മേഖലയിലേക്ക് കടന്നുവരുന്നതായി പ്രഖ്യാപിച്ച് കൊണ്ട്, 'ആയുർവേദ സീക്രെട്സ്' എന്ന പുതിയ ബ്രാൻഡ് പുറത്തിറക്കി. ആയുർവേദ സിദ്ധാന്തങ്ങളും പ്രകൃതിദത്ത ചേരുവകളും അടിസ്ഥാനമാക്കി രൂപകൽപ്പന ചെയ്ത ഉൽപ്പന്നങ്ങളാണ് ഈ ശ്രേണിയിൽ ഉൾപ്പെടുന്നത്.

ഹെയർ കെയർ, സ്കിൻ കെയർ മേഖലകളിലായി ഹെയർ ഗ്രോത്ത് ഓയിൽ, ഹെയർ റിപ്പയറിംഗ് ഷാംപൂ, ബോഡി ലോഷൻ, ലിപ് ബട്ടർ തുടങ്ങിയ ഉത്പന്നങ്ങളാണ് വിപണിയിൽ എത്തിക്കുന്നത്. 'ഫോറെവർ ബ്യൂട്ടിഫുൾ' എന്ന ആശയത്തെ അടിസ്ഥാനമാക്കി അവതരിപ്പിച്ച ബ്രാൻഡ് പരമ്പരാഗത ആയുർവേദ വിദ്യകളും ആധുനിക ശാസ്ത്രവും സംയോജിപ്പിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. ഇന്ത്യയിലുടനീളം പ്രീമിയം റീടെയ്ൽ ഔട്ട്ലെറ്റുകളിലും ഇ- കോമേഴ്സ് പ്ലാറ്റ്ഫോമുകളിലും ഉത്പന്നങ്ങൾ ലഭ്യമാകും.

# വ്യോമയാന രംഗത്ത് പുതിയ കാൽവെപ്പുമായി ചെന്നൈ അമൃത മലേഷ്യൻ എവിയേഷൻ കോളേജുമായി സഹകരിക്കുന്നു




ചെന്നൈസ് അമൃത ഇന്റർനാഷണൽ ഏവിയേഷൻ കോളേജും മലേഷ്യയിലെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എവിയേഷനുമായുള്ള ധാരണാപത്രം കൈമാറൽ ചടങ്ങിൽ മലേഷ്യ ഫ്യൂച്ചർ ഡ്രീം അക്കാദമി ചെയർമാൻ കലൈയരശൻ, ചെന്നൈസ് അമൃത ചെയർമാൻ ആർ ഭൂമിനാഥൻ, യൂണികാം ഡീൻ ഉമർ അബ്ദുള്ള അൻവർ എന്നിവർ.

**കൊച്ചി:** ദക്ഷിണേന്ത്യയിലെ പ്രമുഖ വ്യോമയാന പരിശീലന സ്ഥാപനമായ ചെന്നൈസ് അമൃത ഇന്റർ നാഷണൽ ഏവിയേഷൻ കോളേജും മലേഷ്യയിലെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എവിയേഷൻ മലേഷ്യ (യൂണികാം)യുമായി ധാരണാപത്രം ഒപ്പുവച്ചു. വിദ്യാർത്ഥികൾക്ക് നേരിട്ട് അന്താരാഷ്ട്ര പരിശീലനവും ആഗോള നിലവാരത്തിലുള്ള പഠനവും ഉറപ്പാക്കുന്നതിനാണ് സഹകരണം ലക്ഷ്യമിടുന്നത്. ചെന്നൈ അമൃത ചെയർമാൻ ആർ ഭൂമീനാഥൻ, യൂണികാം ഡീൻ ഉമർ അബ്ദുള്ള അൻവർ എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ചടങ്ങിൽ കലൈയരശൻ, ജയ്നാനാക് സിങ് തുടങ്ങി കോളേജ് പ്രതിനിധികൾ പങ്കെടുത്തു.

കരാറിന്റെ ഭാഗമായി ഏപ്രിൽ 6 മുതൽ 9 വരെ കോളേജിൽ നാല് ദിവസത്തെ അന്താരാഷ്ട്ര പരിശീലന പരിപാടി സംഘടിപ്പിച്ചു. ആഗോള വിമാനയാന വിദഗ്ധരും യൂണികാമിലെ പൂർവ്വ വിദ്യാർത്ഥികളും പങ്കെടുത്ത പരിപാടിയിൽ ഏവിയേഷൻ 4.0, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗം, എയർപോർട്ട് ഓപ്പറേഷൻസ്, പുതിയ തൊഴിൽ സാധ്യതകൾ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകളും വർക്ക്ഷോപ്പുകളും നടന്നു. ഈ സഹകരണത്തിന്റെ ഭാഗമായി, മൂന്ന് വർഷത്തെ കോഴ്സുകളും ഡിപ്ലോമയും ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ആദ്യ രണ്ട് വർഷം ചെന്നൈയിൽ പഠനം പൂർത്തിയാക്കിയ ശേഷം അവസാന വർഷം മലേഷ്യയിലേക്ക് മാറാനുള്ള അവസരം ലഭിക്കും. അവസാന വർഷത്തിൽ ആറുമാസം അക്കാദമിക് പരിശീലനവും തുടർന്ന് ആറുമാസം മലേഷ്യൻ വിമാനത്താവളങ്ങളിൽ ഇന്റേൺഷിപ്പും ഉൾപ്പെടും.

ദക്ഷിണേന്ത്യയിലെ വിദ്യാർത്ഥികൾക്ക് ലോകോത്തര പരിശീലനം നൽകുന്നതാണ് പ്രധാന ലക്ഷ്യമെന്ന് ഗ്രൂപ്പ് ചെയർമാൻ ആർ ഭൂമിനാഥൻ പറഞ്ഞു. രാജ്യവ്യാപകമായി കാമ്പസുകൾ ഉയർത്താൻ ലക്ഷ്യമിടുന്നതായും അദ്ദേഹം പറഞ്ഞു. 2035ഓടെ വ്യോമയാന രംഗത്ത് 1.5 മുതൽ 2 ലക്ഷം വരെ പരിശീലനം ലഭിച്ച തൊഴിലാളികൾ ആവശ്യമുണ്ടാകുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പൈലറ്റുകൾ, കാബിൻ ക്രൂ, എഞ്ചിനീയർമാർ, ഗ്രൗണ്ട് സ്റ്റാഫ് തുടങ്ങിയ മേഖലകളിൽ വലിയ അവസരങ്ങളാണ് മുന്നിലുള്ളത്. പരിശീലനത്തിനൊപ്പം അയാട്ട സർട്ടിഫിക്കേഷൻ സൗജന്യമായി ഉറപ്പാക്കും, സാധാരണയായി 1.5 ലക്ഷം രൂപ വരെ ചെലവാകുന്ന ഈ പരിശീലനം വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എസ്എസ്ഐ വിമാനയും പ്രോജക്ട് ഓപ്പറിയനും ഉദ്ഘാടനം ചെയ്തു





**ന്യൂഡൽഹി:** ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്തുള്ള ഭാരത് മണ്ഡപത്തിൽ നടന്ന മൂന്നാം ഗ്ലോബൽ എസ്എസ്ഐ മൾട്ടിസ്പെഷ്യാലിറ്റി റോബോട്ടിക് സർജറി കോൺഫറൻസ് 2026 ന് എസ്എസ് ഇന്നവേഷൻസ് ഇന്റർനാഷണൽ ആതിഥേയത്വം വഹിച്ചു. കോൺഫറൻസിൽ ആഗോള റോബോട്ടിക് മെഡ്ടെക് കോൺഫറൻസിന്റെ മൂന്നാം പതിപ്പായ എസ്എംആർഎസ്സി 2026ൽ ബ്രേക്ക്ത്രൂ ഡിഫൻസ് ടെക്നോളജി എസ്എസ്ഐ വിമാനയും പ്രോജക്ട് ഓപ്പറിയനും ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിന്റെ ആദ്യ ദിവസം, ലോകമെമ്പാടുമുള്ള 1,500ലധികം ഡോക്ടർമാരും 250ലധികം വിദഗ്ധരും പങ്കെടുത്തു.

റോബോട്ടിക് സർജറി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ടെലി സർജറി, മൊബൈൽ സർജിക്കൽ പ്ലാറ്റ്ഫോമുകൾ എന്നിവയുടെ പരിവർത്തന സാധ്യതകൾ പര്യവേക്ഷണം ചെയ്യുന്നതിനായി എസ്എംആർസി 2026ൽ ആഗോള സർജൻമാർ, ആരോഗ്യ വിദഗ്ധർ, ഗവേഷകർ തുടങ്ങിയവർ പങ്കെടുത്തു. തത്സമയ ടെലിസർജറികൾ, ശാസ്ത്രീയ സെഷനുകൾ, ഇമ്മേഴ്സീവ് ടെക്നോളജി ഷോകേസുകൾ, പ്രായോഗിക അനുഭവങ്ങൾ എന്നിവ സമ്മേളനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ, മന്ത്ര3, മന്ത്രാസന സംവിധാനങ്ങൾ ഉപയോഗിച്ച് ആകെ 15 തത്സമയ ടെലിസർജറികളും 14 തത്സമയ ശസ്ത്രക്രിയകളും നടത്തുമെന്ന് സംഘാടകർ അറിയിച്ചു.

ലോകോത്തര ശസ്ത്രക്രിയാ പരിചരണം എല്ലാവർക്കും കൂടുതൽ പ്രാപ്യമാക്കുക എന്ന ദൗത്യത്തിൽ ഒരു സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തുന്നതിനൊപ്പം, ഇന്ത്യയിൽ നിന്ന് ശസ്ത്രക്രിയാ നവീകരണത്തെ ആഗോളതലത്തിലേക്ക് മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രതിബദ്ധതയെ എസ്എംആർഎസ്സി 2026 അടിവരയിടുന്നതായി എസ്എസ് ഇന്നവേഷൻസ് ഇന്റർനാഷണലിന്റെ സ്ഥാപകനും ചെയർമാനും സിഇഒയുമായ ഡോ. സുധീർ ശ്രീവാസ്തവ പറഞ്ഞു.

# തനിഷ്ക് 'ഹ്യൂസ്' അവതരിപ്പിച്ചു

**കൊച്ചി:** മുൻനിര ജ്വല്ലറി ബ്രാൻഡായ തനിഷ്ക് 'ഹ്യൂസ്' എന്ന പ്രകൃതിദത്ത രത്നാഭരണങ്ങളുടെ പുതിയ ശേഖരം വിപണിയിലവതരിപ്പിച്ചു. സ്വർണ്ണത്തിൽ സമകാലിക വർണ്ണക്കൂട്ടുകൾ സമന്വയിപ്പിക്കുന്ന സവിശേഷമായ ഡിസൈനുകളാണ് ഈ ആഭരണ ശേഖരത്തിന്റെ സവിശേഷത. ശിൽപ രൂപങ്ങൾ, തിളക്കമുള്ള രത്നക്കല്ലുകൾ, ഓരോ നിറത്തിന്റെയും ആഴം വെളിപ്പെടുത്തുന്ന കൃത്യതയുള്ള കട്ടുകൾ എന്നിവ ഈ ആഭരണങ്ങളിൽ ഒരുമിച്ച് വരുന്നു. 35,000 രൂപ മുതൽ വില ആരംഭിക്കുന്ന ഈ ശേഖരത്തിൽ ആഘോഷങ്ങൾക്കും നിത്യേനയുള്ള ഉപയോഗത്തിനും അനുയോജ്യമായ വിവിധ ഡിസൈനുകൾ ലഭ്യമാണ്. അക്ഷയ തൃതീയയോടനുബന്ധിച്ച് തനിഷ്ക് പ്രത്യേക ഓഫറുകളും പ്രഖ്യാപിച്ചിട്ടുണ്ട്. പണിക്കൂലിയിൽ 20 ശതമാനം വരെ കിഴിവും, സ്വർണ്ണാഭരണങ്ങൾ വാങ്ങുമ്പോൾ ഗ്രാമിന് 201 രൂപ ഫൽറ്റ് ഡിസ്കൗണ്ടും ലഭിക്കും. കൂടാതെ പഴയ സ്വർണ്ണം മാറ്റി പുതിയത് വാങ്ങാനുള്ള 'ഫെസ്റ്റിവൽ ഓഫ് എക്സ്ചേഞ്ച്' സൗകര്യവും ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താമെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ പെൽക്കി ഷെറിംഗ് പറഞ്ഞു.

തെന്നിന്ത്യൻ താരം രുക്മിണി വസന്തിനെയാണ് ഈ പുതിയ ആഭരണങ്ങളുടെ മുഖമായി തനിഷ്ക് അവതരിപ്പിക്കുന്നത്. ലാളിത്യവും ആധുനികതയും ഒത്തിണങ്ങിയ രുക്മിണി വസന്ത് 'ഹ്യൂസ്' കളക്ഷന്റെ ആത്മാവിനെയാണ് പ്രതിനിധീകരിക്കുന്നത്.




# കോഹോകോൺ ആരോഗ്യ കോൺക്ലേവ് സമാപിച്ചു




**കൊച്ചി:** കൺസോഷ്യം ഓഫ് ഹെൽത്ത്കെയർ ഓർഗനൈസേഷൻ സംഘടിപ്പിച്ച പത്താമത് കഹോകോൺ 2026 ആരോഗ്യ കോൺക്ലേവ് സമാപിച്ചു. ചെന്നൈ ട്രേഡ് സെന്ററിൽ നടന്ന കോൺക്ലേവ് മുൻ ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ രാജ്യത്തെ ആരോഗ്യരംഗ വിദഗ്ധർ, ഡോക്ടർമാർ, അഡ്മിനിസ്ട്രേറ്റർമാർ ഉൾപ്പെടെ 2,500 ലേറെ പ്രതിനിധികൾ പങ്കെടുത്തു.

ഇരുനൂറിലേറെ വിദേശ പ്രതിനിധികളും ഇന്റർനാഷണൽ സൊസൈറ്റി ഫോർ ക്വാളിറ്റി ഹെൽത്ത്കെയറിലെ വിദഗ്ധരും സമ്മേളനത്തിന്റെ ഭാഗമായി. ശാസ്ത്രീയ സെഷനുകൾ, പാനൽ ചർച്ചകൾ, ഗവേഷണ അവതരണങ്ങൾ, നവീകരണ പ്രദർശനങ്ങൾ എന്നിവയും, 150ത്തിലധികം സ്റ്റാളുകളുള്ള മെഡിക്കൽ എക്സിബിഷനും സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. അപ്പോളോ ഹോസ്പിറ്റൽ ഗ്രൂപ്പ് ജോയിന്റ് മാനേജിങ് ഡയറക്ടർ ഡോ. സംഗീത റെഡ്ഡി പ്രബന്ധം അവതരിപ്പിച്ചു.

ഇന്റർനാഷണൽ സൊസൈറ്റി ഫോർ ക്വാളിറ്റി ഹെൽത്ത്കെയർ പ്രസിഡന്റ് എസെക്വിയൽ ഗാർസിയ എലോറിയോ, ഡോ. വിജയ് അഗർവാൾ, ഡോ. ലല്ലു ജോസഫ്, സംഘാടക ചെയർമാൻ ഡോ. എൻ.ജി. പാലനിസ്വാമി, സഹസംഘാടക ചെയർമാൻ ഡോ. എസ്. മണിവണ്ണൻ, ഓർഗനൈസിംഗ് സെക്രട്ടറി ഡോ. സതീഷ് ദേവദോസ് എന്നിവർ സംസാരിച്ചു.

ആരോഗ്യ ഗുണമേന്മയും രോഗി സുരക്ഷയും മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സമ്മേളനത്തിൽ മികച്ച പ്രവർത്തനങ്ങൾക്ക് കാഹോ അവാർഡുകൾ നൽകി ആദരിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com